**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്ഥിരമായി വെള്ളപ്പൊക്കം ഉണ്ടാകുന്നതു മൂലം കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ ബലക്ഷയം നേരിടുന്നതും, കളിസ്ഥലങ്ങളിൽ വെള്ളക്കെട്ടുമൂലം കുട്ടികൾക്ക് കായിക വിനോദത്തിൽ ഏർപ്പെടാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ അതിജീവനത്തിനായുള്ള ആകസ്മിക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾ പഠിക്കുന്ന കുട്ടനാട്ടിലെ എല്ലാ സ്കൂളുകളും അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, എസ്. എസ്. കെ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടനാട്ടിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ